**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1122** **09-10-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിന് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനായി നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ അതിജീവനത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ഇതു കൂടാതെ സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും ഈ കാലയളവിൽ 4,500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1,500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും 1,500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും 1,500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. കൂടാതെ സാമ്പത്തിക താങ്ങൽ പദ്ധതി(Income support scheme), അപകട ഇൻഷ്വറൻസ് പദ്ധതി എന്നിവയും നടപ്പാക്കി വരുന്നു.<br><br>ദീർഘകാല കാലാവസ്ഥ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 കോടി രൂപ (SDRF, CMDRF) സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22 |

ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021 ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2022 ഏപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് സമുദ്ര അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 50.027 കോടി രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2017 നവംബർ 29, 30 തീയതികളിലുണ്ടായ ഓഖിചുഴലിക്കാറ്റിനെ തുടർന്നുള്ള കടൽ ക്ഷോഭത്തിൽ 52 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 91 പേരെ കാണാതാകുകയും ചെയ്തിരുന്നു. ഇതിന് പുറമെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (ഓഖി ഫണ്ടിൽ) നിന്നുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കി . മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് 20 ലക്ഷം രൂപ വീതം സർക്കാർ അനുവദിച്ചു നൽകി. കൂടാതെ 113923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000/- രൂപ വച്ച് അടിയന്തിര ധനസഹായം, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ചികിത്സാ ധന സഹായമായി 10,68,000/- രൂപ എന്നിവയും നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമേകണമെന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽനിന്ന് 178 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ഗാർഡുമാരായി നിയമിച്ചു.

പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3,000/- രൂപ വീതം വീട്ടുവാടക നൽകി. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു.

ഓഖി പുനരധിവാസ പദ്ധതികളിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന

പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1. <u>ഭവന നിർമ്മാണ പദ്ധതി</u>**

ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീടു നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 741 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുകയാണ് ചെയ്യേണ്ടത്. ആകെയുള്ള 72 പേരിൽ 16 പേർ ആനുകൂല്യം ആവശ്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്. 14 പേർ മുൻവർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെട്ടവരാണ്. തിരുവനന്തപുരം ജില്ലയിലെ 20 പേർക്ക് ഫ്ളാറ്റ് വേണമെന്ന ആവശ്യം അറിയിക്കുകയും ഇതിൽ അഞ്ചു പേർക്ക് മുട്ടത്തറയിലും 13 പേർക്ക് ബീമാപള്ളിയിലും ഫ്ലാറ്റ് അനുവദിച്ചു നൽകി. മൊത്തം 72 ഗുണഭോക്താക്കളിൽ മേൽപ്പറഞ്ഞ 50 പേർ ഒഴിച്ച് ബാക്കിയുള്ള 22 പേർക്ക് സ്ഥലവും വീടിനുമായി ആവശ്യമായ 2.41 കോടി രൂപ ബന്ധപ്പെട്ട ജില്ലാ ആഫീസർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 22 പേരിൽ 22 പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചു.

**2. <u>ഓഖിയിൽ മരിച്ചവരുടെയും കാണാതായവരുടെയും കുടുംബ ങ്ങളുടെ പുനരധിവാസം</u>.**

തിരുവനന്തപുരം ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 32 കുടുംബങ്ങൾക്കും വീട് നഷ്ടപ്പെട്ട 6 കുടുംബങ്ങൾക്കും കൂടി ആകെ 38 കുടുംബങ്ങൾക്ക് 344 ലക്ഷം രൂപ അനുവദിച്ചു. സ്ഥലവും വീടും നഷ്ടപ്പെട്ട 32 പേരിൽ 26 പേർ സ്ഥലം വാങ്ങി. 15 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. വീട് നഷ്ടപ്പെട്ട 6 പേരിൽ 2 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. ഇതുവരെ 226.22 ലക്ഷം രൂപ ചെലവഴിച്ചു.

**3. <u>ഭവന പുനരുദ്ധാരണം</u>**

ഭാഗികമായി വീട് നഷ്ടപ്പെട്ട 458 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിന് 2.0415 കോടി രൂപ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അനുവദിച്ചു നൽകി. 194.5 ലക്ഷം രൂപ ചെലവഴിച്ചു.

**4. <u>ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ട്ടപരിഹാരം</u>**

ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 485 മത്സ്യത്തൊഴിലാളികൾക്ക് ഏഴ് ഘട്ടങ്ങളിലായി 7.37 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചു.

**5. വിദ്യാഭ്യാസ ധനസഹായ പാക്കേജ്.**

ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ/ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 കുട്ടികൾക്ക് വിദ്യാഭ്യാസം/ തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. 2037 വരെ ചെലവഴിക്കുന്നതിനുള്ള ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ എൽ കെ ജി മുതൽ വിവിധ ബിരുദ ബിരുദാനാന്തര ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഭക്ഷണം, വിദ്യാഭ്യാസം, താമസ സൗകര്യം എന്നിവയുള്ള ചെലവ് വഹിക്കുന്നതിനാണ് ഈ ധനസഹായം അനുവദിക്കുന്നത്.

**6. മറൈൻ ആംബുലൻസ്.**

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡ് മുഖേന നിർമിച്ചു നൽകുകയും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു പ്രവർത്തിച്ചു വരികയും ചെയ്യുന്നു. 18.24 കോടി രൂപ ചെലവഴിച്ചു. ഇതിൽ 7.36 കോടി രൂപ ഓഖി ഫണ്ടിൽ നിന്നുമാണ് ചിലവഴിച്ചത്.

**7. ലൈഫ് ജാക്കറ്റ് വിതരണം**

കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10 കോടി രൂപ അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് ഇതുവരെ 40000 ലൈഫ് ജാക്കറ്റുകൾ നൽകി. പദ്ധതിയ്ക്കായി 5.056 ലക്ഷം രൂപ ചെലവായിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.

**8. നാവിക് ഉപകരണങ്ങൾ നൽകൽ**

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നാവിക് ഉപകരണങ്ങൾ നൽകുന്നതിനു 1593 ലക്ഷം രൂപ അനുവദിച്ചിരുന്നു. 229.5 ലക്ഷം രൂപ ചെലവഴിച്ച് 1550 നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി കെൽട്രോണിൽ നിന്നും വാങ്ങിയതിൽ 941 ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

**9. സാറ്റലൈറ്റ് ഫോൺ.**

1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിന് 9.42 കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽ മായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിച്ചു. 2.25 കോടി രൂപ ചെലവഴിച്ച് 240 സാറ്റലൈറ്റ് ഫോണുകൾ ആദ്യ ഘട്ടമായി വാങ്ങി മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

**10. <u>കടൽസുരക്ഷാ സ്ക്വാഡ്</u>**

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സ് എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. 781 പേർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ട്. 583.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**11. <u>എഫ്.ആർ.പി ബോട്ട്</u>**

120 എഫ്.ആർ.പി ബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ലൂ റവല്യൂഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമായിട്ടുണ്ട്. ബാക്കി ആവശ്യമായ 7.94 കോടി രൂപ ഓഖി ഫണ്ടിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും അനുവദിച്ചിരുന്നു. നാളിതുവരെ 117 ബോട്ടുകളുടെ പണി പൂർത്തിയാവുകയും ആയതിലേക്കുള്ള വല, സുരക്ഷാ ഉപകരണങ്ങൾ, മറ്റ് അനുസാരികകൾ എന്നിവ മത്സ്യഫെഡ് വഴി നൽകിവരുന്നു. നാളിതുവരെ 8.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയ്ക്ക് 75 ബോട്ടുകൾ അനുവദിച്ചിരുന്നു. അതിൽ 72 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി മൂന്നു ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നുണ്ട്.

**12. <u>ആധുനിക സമുദ്ര ഭക്ഷ്യസംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും</u>**

ഓഖി ദുരന്തത്തിൽ മരണപ്പെട്ട/ കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ

വികസന കോർപ്പറേഷനാണ് നിർമ്മാണ ചുമതല. വിഴിഞ്ഞം സീ ഫുഡ് റസ്റ്റാറന്റിന്റെ പ്രവർത്തന ചുമതല മത്സ്യഫെഡിനു നൽകുകയും പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. 287.45 ലക്ഷം രൂപ പദ്ധതിയ്ക്കായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ യൂണിറ്റിന്റെ നടത്തിപ്പ് ചുമതല കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCDAC) ക്കു നൽകിയിട്ടുണ്ട്.

**13. <u>ഓഖിയിൽ കേടുപാടുകൾ സംഭവിച്ച ബോട്ടിന്റെ ഉടമസ്ഥൻ ശ്രീ. ജോഷി എന്നയാളുടെ നഷ്ട്ടപരിഹാരം</u>**

ഓഖിയിൽ കേടുപാടുകൾ സംഭവിച്ച ബോട്ടിന്റെ ഉടമസ്ഥൻ ശ്രീ. ജോഷി എന്നയാൾക്ക് നഷ്ടപരിഹാരം നൽകുന്നതിനു 20,19,000/- രൂപ അനുവദിച്ചു.

**14. <u>ഓഖി ദുരന്തത്തിൽ മരിച്ചവരുടെ/ കാണാതായവരുടെ ആശ്രിതർക്ക് തൊഴിൽ ദാന പദ്ധതി.</u>**

ഓഖി ദുരന്തത്തിൽ മരിച്ചവർ/ കാണാതായവരുടെ ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ 142 പേരും കാസർഗോഡ് ജില്ലയിൽ ഒരാളുമാണ് ഉള്ളത്. 21.10.2018 ലെ സ. ഉ (സാധാ) നം. 681/2018/ മതുവ നമ്പർ പ്രകാരം ഓഖി ആശ്രിതരിൽ 40 വയസ്സിൽ താഴെ പ്രായമുള്ളതും SSLC യ്ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുമുള്ളതായ 41 പേർക്ക് മത്സ്യഫെഡ് ന്റെ മുട്ടത്തറ നെറ്റ് ഫാക്ടറിയിലും കാസർഗോഡ് ജില്ലയിലെ ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകി. ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനായി പരിഗണിച്ച 12 പേരിൽ നഴ്സിംഗ് വിദ്യാഭാസ യോഗ്യതയുള്ള രണ്ടു പേർക്ക് ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിയമനം നൽകുന്നതിനു 14.11.2022 ലെ സ.ഉ (കൈ) നം. 221/2022/H&WD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഓഖി ബാധിധരായവരുടെ ആശ്രിതരിൽ 10 പേർക്ക് സീ ഫുഡ് റസ്റ്ററന്റിൽ ജോലി നൽകിയിട്ടുണ്ട്. മത്സ്യ സംസ്കരണ യൂണിറ്റ് പ്രവർത്തന ക്ഷമമാകുന്നതോടെ 12 പേർക്ക് കൂടി ജോലി നല്കുന്നതാണ്.

**15. <u>വായ്പാ കുടിശ്ശിക എഴുതി തള്ളുന്നത്.</u>**

ഓഖി ബാധിതരുടെ വായ്പ എഴുതി തള്ളുന്നതുമായി ബന്ധപ്പെട്ട് 09.10.2019 ലെ സ.ഉ (കൈ) നം. 30/2019/ഡിഎംഡി പ്രകാരം പലിശയും പിഴ പലിശയും പൂർണ്ണമായും ഒഴിവാക്കണമെന്നും

| | | | |
|---|---|---|---|
| | | | 28.11.2017 ന ശേഷം അടയ്ക്കാൻ ബാക്കിയുള്ള മുതലിന്റെ 60 ശതമാനം സർക്കാർ ബാങ്കുകൾക്ക് നൽകുമെന്നും ബാക്കി തുകയായ 40 ശതമാനം ബാങ്ക് എഴുതി തള്ളുമെന്നും നിർദ്ദേശിച്ചിരുന്നു. ഓഖി ദുരന്തത്തിൽ മരണപ്പെട്ടവർ/ കാണാതായവരുടെ വായ്പ എഴുതി തള്ളുന്നത് സംബന്ധിച്ച തുടർനടപടികൾ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് സ്വീകരിക്കുന്നതാണ്. |
| (ബി) | കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് പ്രകാരം നിരോധിച്ച വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ഉണ്ട്. പേഴ്സ്-സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, ബുൾ ട്രോൾ (പെയർ ട്രോൾ) മുൻകൂർ അനുമതി വാങ്ങാത്ത മറ്റു പുതിയതരം വലകൾ എന്നിവയാണ് കെ.എം.എഫ്.ആർ ആക്ടിന്റെയും കെ.എം.എഫ്.ആർ റൂളിന്റെയും അടിസ്ഥാനത്തിൽ കേരളത്തിൽ നിരോധിച്ചിട്ടുള്ള മത്സ്യബന്ധന വലകൾ. ഇതുകൂടാതെ റിംഗ് സീൻ, ബോട്ടം ട്രോൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം സർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളിലും, സമയങ്ങളിലും തടഞ്ഞിട്ടുണ്ട്. ഇത്തരം വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് കെ.എം.എഫ്.ആർ ആക്ടിലെയും റൂളിലെയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ കർശനമായ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഫിഷറീസ് വകുപ്പും, മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമലംഘനം നടത്തുന്ന യാനങ്ങളെ ഇമ്പൗണ്ട് ചെയ്ത് പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും, നിരോധിത വലകൾ ഉപയോഗിക്കുന്നതു കൊണ്ടുണ്ടാകുന്ന ദോഷഫലങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് ബോധ്യപ്പെടുത്തി ക്കൊടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികൾ വകുപ്പ് സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ